'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വേതനം നല്കുന്നതിനായി ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ടിൽ നിന്നും കൈമാറിയ തുക ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിൽ നിന്നും ഗ്രാമപഞ്ചായത്തിന് തിരികെ നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.2805/2019/LSGD തീയതി,തിരുവനന്തപുരം, 09/12/2019

പരാമർശം:- 1 സ.ഉ.(സാധാ)നം.888/2014/ത.സ്വ.ഭ.വ തീയതി 26.03.2014

2 ഇടവെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.06.2019-ലെ എ3-518/19 നമ്പർ കത്ത്

3 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 12.11.2019-ലെ MGFUND/EGS D/2014-15 നമ്പർ കത്ത്

### ഉത്തരവ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ധ കായിക വേതന ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാൻ 2013-14 സാമ്പത്തിക വർഷം കാലതാമസമുണ്ടായ സാഹചര്യത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് നോൺ-റോഡ് മെയിന്റനൻസ് ഇനത്തിൽ ലഭിച്ചതും ടി വർഷം ചെലവഴിക്കാൻ സാധ്യത ഇല്ലാതിരുന്നതുമായ മെയിന്റനൻസ് ഫണ്ട് വകമാറ്റി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം നൽകുന്നതിന് MGNREGS മെമ്പർ സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിരുന്നു. ത്രിതല പഞ്ചായത്തുകൾ ട്രാൻസ്ഫർ ചെയ്യുന്ന തുകയുടെ വിശദാംശങ്ങൾ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ ജില്ലാതലത്തിൽ ക്രോഡീകരിച്ച് മിഷൻ ഡയറക്ടർക്ക് നൽകേണ്ടതാണെന്നും കൈമാറുന്ന തുക കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ പഞ്ചായത്തുകൾക്ക് നൽകുന്നതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

2. ഇപ്രകാരം കൈമാറ്റം ചെയ്ത ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ടായ 3.25 ലക്ഷം രൂപ തിരികെ ലഭിക്കുകയുണ്ടായില്ലെന്നും ടി തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാമർശം ( 2 ) കത്ത് പ്രകാരം ഇടവെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

3. മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ധ തൊഴിലാളികൾക്ക് വേതനം നൽകുന്നതിനായി ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ടിൽ നിന്നും അനുവദിച്ച് നല്കിയ 3,25,000/- രൂപ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എസ്.ഇ.ജി.എഫ്.അക്കൗണ്ടിൽ (A/c No.67184933915) ബി ആർ സി ഡി കോഡ് നമ്പർ 155 പ്രകാരം 21.04.2014-ന്

ലഭ്യമായിട്ടുള്ളതായി രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായും എന്നാൽ ടി ഗ്രാമപഞ്ചായത്ത് പണം ഒടുക്കിയ വിവരം 2014-ൽ ഫണ്ട് തിരികെ അനുവദിച്ച ഘട്ടത്തിൽ ജില്ലയിൽ നിന്നും ലഭ്യമായിരുന്നില്ല എന്നും ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി സാഹചര്യത്തിൽ ഇടവെട്ടി ഗ്രാമപഞ്ചായത്തിന് എസ്.ഇ.ജി.എഫ്. അക്കൗണ്ടിൽ ലഭ്യമായിട്ടുള്ള 3,25,000/- രൂപ തിരികെ നൽകുന്നതിന് അനുമതി നൽകണമെന്നും മിഷൻ ഡയറക്ടർ അഭ്യർഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽവിവരിച്ച സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ടിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയുടെ വേതനം നൽകുന്നതിനായി വകമാറ്റി നൽകിയതും എസ്.ഇ.ജി.എഫ് അക്കൗണ്ടിൽ ലഭ്യമായതുമായ 3.25 ലക്ഷം രൂപ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിൽ നിന്നും ഗ്രാമപഞ്ചായത്തിന് തിരികെ നൽകാൻ മിഷൻ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
UNDER SECRETARY

പകർപ്പ്:മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പ്രസിഡന്റ്/സെക്രട്ടറി, ഇടവെട്ടി ഗ്രാമ പഞ്ചായത്ത്, ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ (ഐ&പിആർഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.0?.0? 16:44:50 IST
Reason: Approved

സെക്ഷൻ ഓഫീസർ